**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1353** **27-07-2021 - ൽ മറുപടിയ്ക്ക്**

**സമീകൃത കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റകൾ സ്ഥിരമായി വിതരണം നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള ഫീഡ്‌സ് ലിമിറ്റഡ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഫീഡ്‌സ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ഉല്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഉന്നത ഗുണനിലവാരമുള്ള അസംസ്കൃത പദാർത്ഥങ്ങളാണ് സംഭരിക്കുന്നത്. കൂടാതെ ഉല്പാദനത്തിനു മുമ്പ് അസംസ്കൃത പദാർത്ഥങ്ങളുടെ ഗുണമേന്മ പരിശോധന നടത്തുകയും ഉല്പാദന പ്രക്രിയയിലും ഉല്പാദനത്തിനുശേഷവും ഗുണനിലവാരം ഉറപ്പുവരുത്തിയുമാണ് കേരള ഫീഡ്‌സ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത്. അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനവിന് ആനുപാതികമായി, വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്‌സ് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നത്. 2020-21 സാമ്പത്തികവർഷത്തിൽ സർക്കാരിൽ നിന്നും നൽകിയ 5 കോടി രൂപയുടെ ധനസഹായം ഉപയോഗിച്ച്, 58,072 MT കാലിത്തീറ്റ സബ്സിഡി നിരക്കിൽ, വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സമീകൃത കാലിത്തീറ്റയുടെയും ധാതുലവണ മിശ്രിതത്തിന്റെയും ഉത്പാദന-വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കേരള ഫീഡ്‌സിന്റെ സ്ഥാപിത പ്രതിദിന ഉല്പാദന ശേഷിയായ 500 MT യിൽ നിന്ന് 650 MT ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഉത്പാദനം, വിപണനം, വിറ്റുവരവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | 2020-21 സാമ്പത്തിക വർഷത്തെ കേരള ഫീഡ്‌സ് ലിമിറ്റഡിന്റെ കാലിത്തീറ്റ ഉത്പാദനം 2,14,724.599 ടണ്ണും, വിപണനം 2,12,864.338 ടണ്ണും, വിറ്റുവരവ് 49,801.85 ലക്ഷം രൂപയുമാണ്. |

സെക്ഷൻ ഓഫീസർ